## കോഴിക്കോട്ടുകാരൻ ഹാറൂൺ റഫീഖും ഭാര്യ ഫർസാനയും ഒരു ദിവസം ബൈക്കിൽ പുറപ്പെട്ടു. ഈ ലോകം ചുറ്റിവരാൻ....

'ഞങ്ങളൊന്ന് ബൈക്കിൽ കറങ്ങാൻ പോവുകയാ...' വീട്ടുകാരോടും സുഹൃത്തുക്കളോടുമൊക്കെ ഹാറൂണും ഫർസാനയും പറഞ്ഞപ്പോൾ ആ യാത്ര ബാംഗ്ലൂരിലെ ഏതെങ്കിലുമൊരു പാർക്കിലേക്കോ മാളിലേക്കോ ആയിരിക്കും എന്നാണ് അവർ കരുതിയത്. പിന്നീടാണ് അറിഞ്ഞത് അതൊരു തുടക്കമായിരുന്നുവെന്ന്! ബൈക്കിൽ ലോകം മുഴുവൻ സഞ്ചരിക്കാനുള്ള യാത്രയുടെ തുടക്കം.

ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കിയ ഈ മലയാളി ദമ്പതികളെ സംബന്ധിച്ച് ഓരോ യാത്രയും ഓരോ കണ്ടെത്തലാണ്. തീർത്തും അപരിചിതമായ ഭൂപ്രകൃതി, ആളുകൾ, വ്യത്യസ്തമായ ജീവിതരീതികൾ, സംസ്കാരം, രുചി.... എല്ലാം.

കണ്ണാടിച്ചില്ലുകൾക്കുള്ളിലെ ചതുരക്കാഴ്ചകളിൽ നിന്നുള്ള മോചനമായാണ് റഫീഖും ഫർസാനയും ബൈക്ക് യാത്രകളെ കാണുന്നത്. 360 ഡിഗ്രിയിൽ വിശാലമായ കാഴ്ചകളാണ് ബൈക്കുകൾ സമ്മാനിക്കുന്നത്. 'ഒരു സ്ഥലം ഇഷ്ടപ്പെട്ടാൽ, നല്ലൊരു ഹോട്ടൽ കണ്ടാൽ, ആൾക്കൂട്ടം കണ്ടാൽ ബൈക്ക് നിർത്താം. അവിടെയിറങ്ങാം. പിന്നെയും യാത്ര തുടരാം.'' ടൂവീലർ യാത്രയുടെ വ്യാകരണത്തെക്കുറിച്ച് റഫീഖ് പറഞ്ഞു തുടങ്ങി. 'ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യാൻ കുട്ടിക്കാലം മുതൽക്കേ താൽപര്യമായിരുന്നു. വീട്ടുകാർ അറിയാതെയാണ് ബൈക്ക് ഓടിക്കാൻ പഠിച്ചത്. മുതിർന്നപ്പോഴും ബൈക്കിനോടുള്ള താൽപര്യം കുറഞ്ഞില്ല. ഇന്നും കാറുകളെക്കാൾ എനിക്കിഷ്ടം ബൈക്കുകളാണ്..'

### ബിഎംഡബ്ല്യുവിന്റെ ആരാധകൻ

വിമാനം പറത്തേണ്ട പൈലറ്റോ വിമാനം നന്നാക്കുന്ന എൻജിനീയറോ ആകേണ്ട ആളായിരുന്നു ഹാറൂൺ റഫീഖ്. കാരണം, റഫീഖിന്റെ പിതാവ് കെ. പി. മുഹമ്മദ് ഇന്ത്യയിലെ തന്നെ സമർഥനായ എയ്റോനോട്ടിക്കൽ എൻജിനീയറായിരുന്നു. ജവാഹർലാൽ നെഹ്റുവിന്റെ എല്ലാ വിമാനയാത്രകളിലും കെ. പി. മുഹമ്മദിന്റെ സാന്നിധ്യമുണ്ടായിരുന്നു. ബാപ്പയെപ്പോലെ വിമാനങ്ങളുടെ സങ്കീർണതയിലേക്കല്ല ഇരുചക്രവാഹനങ്ങളുടെ സാഹസികതയിലേക്കാണു റഫീഖ് ബൈക്കോടിച്ചത്.

കാസർകോട് പുത്തൂരാണ് ഫർസാനയുടെ കുടുംബം. വർഷങ്ങൾക്കു മുമ്പേ അവർ ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കി. കോഴിക്കോട് ബാലുശേരി സ്വദേശികളായ റഫീഖിന്റെ കുടുംബവും വർഷങ്ങൾക്കു മുമ്പേ ബാംഗ്ലൂരിലെത്തിയവരാണ്.

പഴയൊരു 'യെമഹ'യിൽ തുടങ്ങിയ യാത്ര ഹാർഡലി ഡേവിഡ്സൺ കമ്പനിയുടെ സ്പോർട്സ്റ്റർ വഴി, ഇന്ന് 'ബിഎംഡബ്ല്യു'വിൽ എത്തിനിൽക്കുന്നു. 18 ലക്ഷം രൂപ വില വരും ഈ ബൈക്കിന്. സൗദി അറേബ്യൻ പെർമിറ്റുള്ള ബിഎംഡബ്ല്യു റഫീഖിനോടൊപ്പം അതിഥിയായാണ് ഇന്ത്യയിലെത്തിയത്.

### പുതിയ ലോകങ്ങൾ

റഫീഖിന്റെ ജീവിതപങ്കാളിയായി വരുന്നതു വരെ ഇരുചക്രവാഹനങ്ങളുടെ സാഹസികലോകം ഫർസാനയ്ക്കും അജ്ഞാതമായിരുന്നു. കർണാടക ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന ജസ്റ്റിസ് എ. എം. ഫറൂഖിന്റെ മകൾ ഡോക്ടറാണ്. പാചകവും തയ്യലുമൊക്കെ ഇഷ്ടപ്പെടുന്ന ഒരു സാധാരണ പെൺകുട്ടി. ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യാൻ പോലും ഫർസാനയ്ക്കു പേടിയായിരുന്നു.

വിവാഹശേഷം ഭർത്താവിന്റെ വീട്ടിലെത്തിയപ്പോഴാണ് സാഹസികതയുടെ പുതിയ ലോകം ഫർസാനയ്ക്കു മുന്നിൽ തുറന്നത്. ലോകമെമ്പാടുമുള്ള ബൈക്കോട്ടക്കാരെക്കുറിച്ചും അതിനൂതനമായ ബൈക്കുകളെക്കുറിച്ചുമുള്ള വിവരങ്ങൾ റഫീഖിന്റെ അലമാരയിൽ ഭദ്രമായിരുന്നു. വിദേശരാജ്യങ്ങളിൽ മാത്രം ലഭിക്കുന്ന പല ഓട്ടമൊബീൽ മാഗസിനുകളും റഫീഖ് സൂക്ഷിച്ചിരുന്നു. ഇരുചക്രവാഹനങ്ങളോടുള്ള പ്രണയം റഫീഖ് ഫർസാനയോടു തുറന്നു പറഞ്ഞു.

റഫീഖിനോടൊപ്പം ഒന്നു രണ്ടു യാത്രകൾ കഴിഞ്ഞപ്പോൾ തന്നെ ഫർസാനയ്ക്കു മനസ്സിലായി ബൈക്ക്‌യാത്ര വിചാരിച്ചതു പോലെയല്ല. 'ആകാശം നോക്കി യാത്ര ചെയ്യാം. കാറിന്റെ



# ഒരു ബൈക്കിൽ ലോകം ചുറ്റാൻ...

സുഖസൗകര്യമില്ലെങ്കിലും എല്ലാം തൊട്ടറിഞ്ഞു പോകുന്ന രസം ബൈക്ക് യാത്രയ്ക്കുണ്ട്.' ഫർസാന പറയുന്നു .

## ഒരു ലോകസഞ്ചാരം, ഇരുചക്രങ്ങളിൽ

ബൈക്കിൽ ലോകപര്യടനത്തെക്കുറിച്ച് ആലോചിച്ചപ്പോൾ അത് യൂറോപ്പിൽ നിന്നു തുടങ്ങണമെന്ന് ഇരുവരും ആഗ്രഹിച്ചു. ഗൂഗിൾ എർത്തിൻെറ സഹായത്തോടെ യാത്രാപദ്ധതി തയാറാക്കി. ഏഴു ദിവസം കൊണ്ട് നാലു യൂറോപ്യൻ രാജ്യങ്ങൾ സന്ദർശിക്കാനായിരുന്നു പ്ലാൻ.

വിശാലമായ ഗോതമ്പുപാടങ്ങൾ നിറഞ്ഞ യൂറോപ്പ്. യൂറോപ്പിൻെറ ഹൃദയത്തിലൂടെയായിരിക്കണം ആ യാത്രയെന്ന് ഇരുവർക്കും നിർബന്ധമുണ്ടായിരുന്നു. ജർമനിയുടെയും ഇറ്റലിയുടെയും സാംസ്കാരിക പാരമ്പര്യവും ഓസ്ട്രിയയുടെ സംഗീതപൈതൃകവും റഫീഖിൻെറ യാത്രയ്ക്ക് അകമ്പടിയായി. നല്ലൊരു വായനക്കാരനും എഴുത്തുകാരനുമായ റഫീഖിനെ സംബന്ധിച്ച് ഓരോ പ്രദേശത്തെക്കുറിച്ചുമുള്ള മുൻധാരണകൾ യാത്രയ്ക്കു തുണയായി. ഇക്കാര്യത്തിൽ ഫർസാനയുടെ കാര്യമായ പിന്തുണയും ഉണ്ടായിരുന്നു.

ബൈക്കിലെ ലോകപര്യടനം ഫ്ളാഗ് ഓഫ് ചെയ്തത് ജർമനിയിലെ മ്യൂണിക്കിൽ നിന്നായിരുന്നു. വാഹനപ്രിയനായ റഫീഖിൻെറ ആഗ്രഹം കൂടിയായിരുന്നു അത്. കാരണം, റഫീഖിൻെറ ഇഷ്ടബ്രാൻഡായ ബിഎംഡബ്ല്യുവിൻെറ ആസ്ഥാനമാണ് മ്യൂണിക്ക്. അദ്ഭുതപ്പെടുത്തുന്ന ഫാക്ടറിയും മോഹിപ്പിക്കുന്ന ഫാക്ടറി ഔട്ട്ലെറ്റുമാണ് മ്യൂണിക്കിൽ ബിഎംഡബ്ല്യുവിനുള്ളത്.

വാടകയ്ക്കെടുത്ത ഒരു ബിഎംഡബ്ല്യു ബൈക്കിലായിരുന്നു റഫീഖും ഫർസാനയും യാത്രതിരിച്ചത്. 2010 മോഡൽ





ക്യാമറ പകർത്തിയ യൂറോപ്യൻ കാഴ്ചകൾ

ഫർസാനയും റഫീഖും ഒപ്പം സന്തതസഹചാരി ബിഎംഡബ്ല്യു ബൈക്കും





ആദിൽ മുഹമ്മദ്, ഫർസാന, റഫീഖ്, അമൽ ഫാത്തിമ

ബൈക്കിൽ ജിപിഎസ് (ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം), പിന്നിലിരിക്കുന്ന ആളിനോട് സംസാരിക്കാൻ ഇൻറർകോം ടെലിഫോൺ. ഒരു കാറിൽ കൊള്ളുന്നതിനെക്കാൾ സാധനങ്ങൾ വയ്ക്കാവുന്ന സ്റ്റോറേജ്... തുടങ്ങി ഒട്ടേറെ പ്രത്യേകതകൾ ഉണ്ടായിരുന്നു.

ബൈക്ക് യാത്രയ്ക്കുള്ള വഴികൾ മാത്രമായിരുന്നു നേരത്തെ ആസൂത്രണം ചെയ്തിരുന്നത്. ഹോട്ടൽ മുറികൾ മുൻകൂട്ടി ബുക്ക് ചെയ്തിരുന്നില്ല. യൂറോപ്പിലെ ഗ്രാമങ്ങളിലൂടെയും ചെറുപട്ടണങ്ങളിലൂടെയുമായിരുന്നു യാത്രകൾ അധികവും. ഇവിടെ വീടുകളിൽ അതിഥികൾക്കു താമസിക്കാനുള്ള സൗകര്യങ്ങളുണ്ട്. കിടക്കയും പ്രാതലും നൽകുന്ന വീടുകൾ. യൂറോപ്പിൽ അതൊരു കുടിൽവ്യവസായമാണ്.

## ജർമനിയിലെ താമരശേരി ചുരം

ജർമനിയുടെ തണുത്ത പ്രകൃതിയിലൂടെയാണ് റഫീഖും ഫർസാനയും യാത്ര തുടങ്ങിയത്. ലോകപ്രശസ്തമായ ഗ്രോസ്ഗ്ലോക്നർ ചുരമിറങ്ങിയപ്പോൾ റഫീഖ് അറിയാതെ വിളിച്ചു പറഞ്ഞു, 'ഇതാ താമരശേരി ചുരം....' അത്രയ്ക്കും സാദൃശ്യമുണ്ടായിരുന്നു രണ്ടു ചുരങ്ങൾക്കും തമ്മിൽ.

ഗ്രോസ്ഗ്ലോക്നർ ചുരമിറങ്ങുമ്പോൾ ഇറ്റലിയുടെ ദൂരക്കാഴ്ച. പിന്നീട് എത്തിച്ചേർന്നത് കോർട്ടീന നഗരത്തിൽ. ഫാഷൻലോകത്തെ അദ്ഭുതമാണ് കോർട്ടീന നഗരം. ബുൾഗാരി, ബെനിറ്റോൺ, ജിയു, സിസിഐ (ഗുസി) തുടങ്ങിയ രാജ്യാന്തര ബ്രാൻഡുകളുടെ ആസ്ഥാനനഗരമാണ് കോർട്ടീന. ആ ഫാഷൻ വിസ്മയങ്ങൾ കടന്നു ചെല്ലുന്നത് അറബ്യ എന്ന തുറമുഖനഗരത്തിൽ. യാത്രയിലുടനീളം പീറ്റ്സയും കപ്പൂച്ചിനോയും. അതിഥികൾ ഏറെ ഇഷ്ടപ്പെടുന്ന ഇറ്റാലിയൻ വിഭവങ്ങളായിരുന്നു അവ രണ്ടും.

യാത്രയ്ക്കിടയിൽ കടുത്ത മഞ്ഞുവീഴ്ചകളുണ്ടായി. മൈനസ് ഡിഗ്രി തണുപ്പ് യാത്ര തടസ്സപ്പെടുത്തി. എങ്കിലും സ്ലോവേനിയയുടെ രമണീയമായ പ്രകൃതി ഈ ദമ്പതികളെ മാടിവിളിച്ചു. യൂഗോസ്ലോവിയയിൽ നിന്നു മുറിഞ്ഞുപോയ രാജ്യമാണ് സ്ലോവേനിയ. സാംസ്കാരിക പുരോഗതി ഏറെ നേടിയ സോഷ്യലിസ്റ്റുകളുടെ നാട്. ആൽപ്സ് മലനിരകൾ ഭംഗി പകരുന്ന രാജ്യം. യൂറോപ്യൻ രാജ്യങ്ങളിൽഏറ്റവും മനോഹരമെന്ന് ഈ ദമ്പതികൾ കരുതുന്നതും സ്ലോവേനിയ തന്നെ.

സ്ലോവേനിയയുടെ സോഷ്യലിസ്റ്റ് ഭൂമി കടന്നു റഫീഖും ഫർസാനയും എത്തിയത് ഓസ്ട്രിയയിൽ. സംഗീതത്തിൻെറ വിളഭൂമിയെന്ന് അറിയപ്പെടുന്ന വിയന്ന. ലോകത്തിൽ ഏറ്റവും വലിയ ഉപ്പുപാടങ്ങളുള്ള ഹാൽസ്റ്റാറ്റ് നഗരം. പിന്നെ സ്റ്റാസ്ബർഗ്-സിംഫണിയിലൂടെ ആസ്വാദകരുടെ മനസ്സു നിറച്ച മൊസാർട്ടിൻെറ ജന്മസ്ഥലം. ആൽപ്സ് മലനിരകൾ ഇറങ്ങിയാണ് ഇരുവരും മ്യൂണിക്കിൽ തിരിച്ചെത്തിയത്.

## ഭാരതപര്യടനം

യൂറോപ്പിൻെറ ഹൃദയത്തിലൂടെയുള്ള യാത്ര കഴിഞ്ഞപ്പോൾ റഫീഖും ഫർസാനയും മറ്റൊരു തീരുമാനത്തിലെത്തി; ഇന്ത്യ മുഴുവൻ ബൈക്കോടിക്കുക. അങ്ങനെയാണ് ദക്ഷിണേന്ത്യയുടെ മനസ്സു തേടി മറ്റൊരു യാത്രയ്ക്കു തയാറായത്. ബാംഗ്ലൂരിൽ നിന്ന് ആരംഭിച്ച യാത്ര ബാംഗ്ലൂരിൽ തിരിച്ചെത്തിയപ്പോൾ അഞ്ചു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ അവർ പിന്നിട്ടിരുന്നു.

യൂറോപ്പിലും ഗൾഫ്നാടുകളിലും ബൈക്കോടിക്കുന്ന റഫീഖ് പറയുന്നത് ഇന്ത്യൻ നിരത്തുകളിലാണ് ആൾക്കാർ ഏറ്റവും അശ്രദ്ധരായി വാഹനങ്ങൾ ഓടിക്കുന്നതെന്നാണ്. മാത്രമല്ല ഇത്രയും മോശക്കാരായ കാൽനടയാത്രക്കാർ ലോകത്തു മറ്റെങ്ങുമില്ലെന്നതും റഫീഖിൻെറ റോഡ് അനുഭവം.

അന്താരാഷ്ട്ര ഇരുചക്രവാഹനപ്രേമികളുടെ രണ്ടു സാഹസിക ഗ്രൂപ്പുകളിലും റഫീഖ് അംഗമാണ്. എക്സ്ബിഎച്ച്പി എന്ന സംഘടനയിലും അഡ്വ്റൈഡർ (advrider) എന്ന ഗ്രൂപ്പിലും. ബൈക്കിൽ ലോകം ചുറ്റിക്കറങ്ങാനുള്ള പദ്ധതിയുമായി മുന്നോട്ടു പോകുമ്പോഴും റഫീഖും ഫർസാനയും ജോലിത്തിരക്കിലാണ്. ബാംഗ്ലൂരിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുകയാണ് ഫർസാന. ജിദ്ദയിൽ ഒപ്റ്റിക്കൽ ഫൈബർ ബിസിനസ് നടത്തുന്നു റഫീഖ്. വിശ്രമത്തിനായി രണ്ടുപേരും ഓടിയെത്തുന്നത് കുടുംബത്തിൻെറ സ്വച്ഛതയിലേക്കു മാത്രമല്ല യാത്രകൾ പ്ലാൻ ചെയ്യാനും കൂടിയാണ്. ''ഞങ്ങൾ യാത്ര ചെയ്യാൻ വേണ്ടി ജീവിക്കുകയല്ല ജോലിയും യാത്രയും ഒരുപോലെ കൊണ്ടുപോവുകയാണ്...' ഫർസാന പറയുന്നു.

മക്കളുടെ സഹകരണം കൊണ്ടുകൂടിയാണ് തങ്ങൾക്ക് ഈ യാത്രകൾ സാധിക്കുന്നതെന്ന് ഇവർ പറയുന്നു. മൂത്തമകൻ ആദിൽ മുഹമ്മദ് ബാംഗ്ലൂരിൽ ഫ്രാങ്ക് ആൻറണി പബ്ലിക് സ്കൂളിലെ അഞ്ചാംക്ലാസ് വിദ്യാർഥിയാണ്. ഇളയമകൾ അമൽ ഫാത്തിമ അതേ സ്കൂളിൽ യുകെജിയിലും.

റഫീഖിനേയും ഫർസാനയെയും സംബന്ധിച്ച് ഓരോ യാത്രയും മറ്റൊന്നിൻെറ തുടക്കമാണ്. ചില്ലുകൂടാരത്തിനുള്ളിലെ ചതുരക്കാഴ്ചകൾക്ക് അപ്പുറം എല്ലാം തൊട്ടറിഞ്ഞുള്ള ബൈക്ക്യാത്ര... അതുകൊണ്ട് ഇവർ തങ്ങളുടെ പ്രിയപ്പെട്ട ബിഎംഡബ്ല്യുവിനോടു മന്ത്രിക്കുന്നു; 'ബി റെഡി ടു ഗെറ്റ് അനദർ ജേണി. ദക്ഷിണാഫ്രിക്ക, ന്യൂസിലാൻഡ്, വടക്കേ അമേരിക്ക...'

വി. ആർ. ജ്യോതിഷ്



റഫീഖും ഫർസാനയും യൂറോപ്യൻ യാത്രയ്ക്കിടയിൽ